"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി.സൗമ്യ.റ്റി-ക്ക് മെഡിക്കൽ റീഇംബഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.ഡബ്യു.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2448/2022/LSGD തീയതി,തിരുവനന്തപുരം, 10-10-2022

പരാമർശം:-

1. ശ്രീമതി.സൗമ്യ.റ്റി സമർപ്പിച്ച 19.03.2021 ലെ മെഡിക്കൽ റീഇംബഴ്സ്മെന്റ് അപേക്ഷ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.03.2022 ലെ ഇ14/6661/2021/സിഇ/തസ്വഭവ നമ്പർ കത്ത്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.03.2022 ലെ (എൽ.ഡിസ്.) എം.ആർ5/42900/2021/ആവഡ നമ്പർ കത്ത്.

ഉത്തരവ്

പത്തനംതിട്ട കോന്നി ബ്ലോക്ക് പഞ്ചായത്ത് എൽ.ഐ.ഡി. & ഇ.ഡബ്ല്യു അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി.സൗമ്യ.റ്റി. യുടെ *മകന്റെ* ചികിത്സയ്ക്ക് തിരുവനന്തപുരം എസ്.പി.ഫോർട്ട് ആശുപത്രിയിൽ 11.02.2021-19.02.2021 കാലയളവിൽ ചെലവായ `2,48,553/- രൂപ(രണ്ട് ലക്ഷത്തി നാൽപ്പത്തിഎട്ടായിരത്തി അഞ്ഞൂറ്റി അൻപത്തി മൂന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2 . ശ്രീമതി.സൗമ്യ.റ്റി. യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക `1,40,785/-രൂപ(ഒരു ലക്ഷത്തി നാൽപതിനായിരത്തി എഴുന്നൂറ്റി എൺപത്തി അഞ്ച് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പത്തനംതിട്ട കോന്നി ബ്ലോക്ക് പഞ്ചായത്ത് എൽ.ഐ.ഡി. & ഇ.ഡബ്ല്യു അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി.സൗമ്യ.റ്റി. യുടെ *മകന്റെ* ചികിത്സയ്ക്ക് തിരുവനന്തപുരം എസ്പി.ഫോർട്ട് ആശുപത്രി*യിൽ* 11.02.2021-19.02.2021 കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 1,12,628/ - രൂപ (ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി അറുന്നൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01–04–MR" എന്ന ഹെഡ് ഓഫ്

അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്കർ

അണ്ടർ സെക്രട്ടറി

1. ശ്രീമതി.സൗമ്യ.റ്റി, അസിസ്റ്റന്റ് എഞ്ചിനീയർ

(*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)

2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

(ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (05.09.2022 ലെ LNS-L6/13/2022-FIN-2173127 നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Subha S

Date: 11-10-2022 12:29:41

സെക്ഷൻ ഓഫീസർ